# പ്ലാസ്റ്റിക് ഉറകൾ നിരോധിക്കുന്നു

പ്ലാസ്റ്റിക് രണ്ടാമതും ഉരുക്കിയുണ്ടാക്കുന്ന (റിസൈക്കിൾഡ്) പ്ലാസ്റ്റിക് സഞ്ചി (കാരിബാഗ്)കളുടെ ഉപയോഗം നിരോധിക്കാനുദ്ദേശിച്ചുകൊണ്ട് കേന്ദ്ര വന-പരിസ്ഥിതി മന്ത്രാലയം 'പുനഃപരിവൃത്തി ചെയ്ത (റീസൈക്കിൾഡ്) പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം 1998' എന്ന പേരിൽ ഒരു കരടു നിയമം പുറപ്പെടുവിച്ചിരിക്കുന്നു.

ഇക്കഴിഞ്ഞ നവംബർ 20-ന് ന്യൂഡൽഹിയിൽ നിന്നും ജോയിന്റ് സെക്രട്ടറി വി.രാജഗോപാലൻ പുറപ്പെടുവിച്ച അറിയിപ്പിലാണിത് വ്യക്തമാക്കുന്നത്.

ഈ നിയമപ്രകാരം റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് കൊണ്ടുള്ള സഞ്ചികളും ഉറകളും ഭക്ഷണപദാർഥങ്ങൾ പൊതിയുന്നതിനോ മറ്റെന്തെങ്കിലും വസ്തുക്കൾ സൂക്ഷിക്കുന്നതിനോ തൂക്കിക്കൊണ്ടു നടക്കുന്നതിനോ യാതൊരു വ്യക്തിയും ഉപയോഗിക്കാൻ പാടില്ല.

ഈ നിയമത്തിലെ 29-ാം ചട്ടമനുസരിച്ച് പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗിക്കുന്നവർ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കണം.

1) റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് ഉറകളും സഞ്ചികളും 1954-ലെ 'ഭക്ഷണത്തിൽ മായം കലർത്തൽ' നിയമപ്രകാരമുള്ള നിർദേശങ്ങൾ അനുസരിച്ച് നിർമിച്ചതായിരിക്കണം.

2) അത്തരം സഞ്ചികൾ നിറമുള്ളവയാവാൻ പാടില്ല

3) പ്ലാസ്റ്റിക് സഞ്ചികളുടെ ഏറ്റവും ചുരുങ്ങിയ കനം 25 മൈക്രോണിനേക്കാൾ കുറവാകരുത്. (അതായത്, ഇപ്പോൾ 25 ഉം 50 ഉം പൈസയ്ക്ക് ലഭിക്കുന്ന തരം തീരെ കനംകുറഞ്ഞ പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗിക്കാനാവില്ല)

4) ഇന്ത്യൻ സ്റ്റാൻഡേർഡ് അനുസരിച്ച് (ഐ.എസ്. 14534, 1998) പ്രസിദ്ധം ചെയ്തിട്ടുള്ള 'പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുവാനുള്ള മാർഗനിർദേശങ്ങൾ' കൃത്യമായി പാലിക്കണം. ഉത്പന്നത്തിൽ 'റീസൈക്കിൾഡ്' എന്നും റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് എത്രമാത്രം ആ ഉത്പന്നത്തിൽ ഉപയോഗിച്ചിട്ടുണ്ട് എന്നതും വ്യക്തമായി കാണിച്ചിരിക്കണം.

5) എല്ലാ സംസ്ഥാന സർക്കാരുകളും അന്തിമനിയമം നടപ്പിൽ വരുത്തുന്നതിനു മുമ്പായി നിർദിഷ്ട അധികാരികളെ ഉൾപ്പെടുത്തി ഈ നിയമം നടപ്പിൽ വരുത്തിക്കൊണ്ട് വിജ്ഞാപനം ചെയ്യണം.